## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2065**

04-11-2019 ൽ മറുപടിയ്ക്ക്

### പന്തളത്ത് ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ശബരിമലയുമായി ബന്ധപ്പെട്ട് ദേശീയപ്രാധാന്യമുള്ള തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞ പന്തളത്ത് ഫയർ ആന്റ് റസ്ക്യൂ ആഫീസില്ലാത്ത വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പന്തളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ? | ബി) പന്തളം നഗരസഭയിൽ കുരമ്പാല വില്ലേജിൽ ബ്ളോക്ക് നമ്പർ 2-ൽ റീസർവേ നമ്പർ 96/2 ൽ 03.01.30 ഹെക്ടറിൽ വരുന്ന വസ്തുവിൽ ഉൾപ്പെട്ട പന്തളം നൂറനാട് റോഡിന്റെ കിഴക്കു വശത്ത് കെ.എസ്.ഇ.ബി. സബ് സ്റ്റേഷന്റെ വടക്കു ഭാഗത്തായി കിടക്കുന്ന 22 സെന്റ് വസ്തുവും കിഴക്കു വശത്ത് കിടക്കുന്ന 15 സെന്റ് വസ്തുവും 99.9 വർഷത്തേക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടു നൽകുകയും ഏതെങ്കിലും കാരണവശാൽ ഫയർ സ്റ്റേഷൻ പ്രവർത്തനം നിർത്തുകയാണെങ്കിൽ വസ്തുവും കെട്ടിടങ്ങളും നഗരസഭയ്ക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിലും അഗ്നിരക്ഷാ വകുപ്പിന് വിട്ടു നൽകുന്നതിന് പന്തളം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം നഗരകാര്യ ഡയറക്ടറുടെ അംഗീകാരത്തിനായി പന്തളം നഗരസഭ അയച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ